(ബി) തൃശ്ശൂർ ജില്ലയിലെ കൊരട്ടിയിലെ ബി.പി.സി.എൽ.-ന് കീഴിലുള്ള ഗ്യാസ് ഏജൻസികളിൽനിന്നും, മാർച്ച് 15-ന ശേഷം ബുക്കുചെയ്ത ഗാർഹിക ഉണഭോക്താക്കൾക്ക് ഇനിയും ഗ്യാസ് വിതരണം ചെയ്യാത്തതുമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കൊച്ചി ബി.പി.സി.എൽ. പ്ലാന്റിൽ 2015 ഫെബ്രുവരി, ഏപ്രിൽ മാസങ്ങളിൽ ഉണ്ടായ ഡ്രൈവർമാരുടെ സമരം കാരണം മാർച്ച് 15-നശേഷം ബുക്കു ചെയ്ത ഉപഭോക്താക്കൾക്ക് സിലിണ്ടർ വിതരണം പൂർണ്ണ തോതിൽ നടത്താൻ സാധിച്ചിട്ടില്ല എന്നും കൊരട്ടിയിലെ ഏജൻസികളിലെ സിലിണ്ടർ വിതരണം മൂന്നാഴ്ചയ്ക്കുള്ളിൽ സാധാരണ നിലയിൽ ആകുമെന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

അവശ്യ സാധനങ്ങളുടെ വിലക്കയറ്റം

237 (1271) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അവശ്യസാധനങ്ങളുടെ വിലനിലവാരം അമിതമായി വർദ്ധിക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് തടയുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) കേന്ദ്രത്തിൽനിന്ന് അനുവദിക്കുന്ന അരി, ഗോതമ്പ് എന്നിവയുടെ വിഹിതം ഗണ്യമായി വെട്ടിക്കുറച്ചത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; 2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിലെ അരിയുടെയും ഗോതമ്പിന്റെയും കേന്ദ്രവിഹിതം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് നൽകാമോ ;

(സി) വെട്ടിക്കുറച്ച കേന്ദ്ര വിഹിതം പുനഃസ്ഥാപിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകാമോ ?

ഉത്തരം

(എ) ക്രമാതീതമായ വിലവർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ അന്യ സംസ്ഥാനങ്ങളിലുണ്ടാകുന്ന അവശ്യസാധന ങ്ങളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥാ വ്യതിയാനം, കടത്തുകൂലി വർദ്ധനവ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മുതലായ കാരണങ്ങളാൽ നിത്യോപയോഗ സാധനങ്ങൾക്ക് നേരിയ തോതിൽ വില വർദ്ധനവ് ഉണ്ടിയിട്ടുണ്ട്. എന്നിരുന്നാലും സപ്ലൈകോ വിപണിയിൽ ഫലപ്രദമായി ഇടപെടുന്നതുമൂലം വിലവർദ്ധനവ് ഒരു പരിധിവരെ പിടിച്ചുനിർത്താൻ സാധിക്കുന്നുണ്ട്. വിപണിയിലുണ്ടാകുന്ന വിലവർദ്ധന പിടിച്ചുനിർത്തുന്നതിനും അതുവഴി പൊതു ജനങ്ങൾക്ക് ആശ്വാസമേകുന്നതിനുമായി സപ്ലൈകോ മുഖേന നടപ്പിലാക്കിയിട്ടുള്ള വിപണിയിടപെടൽ പദ്ധതി കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. ഫലപ്രദമായ വിപണിയിടപെടൽ പദ്ധതിക്കായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

1. നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വില നിലവാരം പിടിച്ചുനിർത്തുന്നതിനും വേണ്ടി 13 ഇനം അവശ്യസാധനങ്ങൾ സബ്സിഡി വിലയിൽ സപ്ലൈകോ വിൽപ്പനശാലകൾവഴി വിറ്റുവരുന്നു.

2. പ്രാദേശികമായി ജനങ്ങൾക്ക് താൽപര്യമുള്ള വിവിധ ഇനം അരി (മട്ട അരി, ജയ അരി, കുറുവ അരി) എന്നിവ കി.ഗ്രാമിന് 25 രൂപ നിരക്കിലും പച്ചരി 23 രൂപ നിരിക്കിലും പ്രതിമാസം കാർഡ് ഒന്നിന് 10 കി.ഗ്രാം വീതം വിതരണം ചെയ്തുവരുന്നു.

3. കൂടുതൽ വിൽപ്പനശാലകൾവഴി മിതമായ നിരക്കിൽ വിപണിയിൽ തടസ്സമില്ലാതെ സാധനങ്ങൾ എത്തിച്ച് ദൗർലഭ്യം ഒഴിവാക്കുന്നു. ഇതിനുപുറമെ ആദിവാസി/തീരദേശ മേഖലകളിൽ നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിനായി 23 സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളും പ്രവർത്തിച്ചുവരുന്നു.

4. യഥാർത്ഥ ഉപഭോക്താവിന് അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾവഴി നിയന്ത്രിക്കുകയും അതുവഴി അവശ്യ സാധനങ്ങളുടെ ദുരുപയോഗ സാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്തു.

5. ഗോതമ്പ് പൊടിയുടെ വിലവർദ്ധന തടയുന്നതിനായി സപ്ലൈകോ വിൽപ്പനശാലകൾ, റേഷൻ കടകൾ എന്നിവവഴി ഫോർട്ടിഫൈഡ് ആട്ട ഒരു കിലോ പാക്കറ്റിന് 15 രൂപ നിരക്കിൽ വിതരണം നടത്തിവരുന്നു.

6. അരിയും പലവ്യഞ്ജനങ്ങളും കൂടാതെ FMCG സാധനങ്ങൾ MRP യേക്കാളും 15 % വരെ വിലകുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. ഇത് MRP യിൽനിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽക്കാൻ മറ്റ് വൻകിട കച്ചവടക്കാരെ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാക്കുകയും ചെയ്യുന്നു.

7. പൊതു വിപണിയിലേതിനേക്കാൾ 20% വരെ വിലക്കുറവിൽ തേയില, കാപ്പിപ്പൊടി, കറിപൗഡറുകൾ, കായം, വാളൻപുളി, ഏലം, അപ്പംപൊടി, പുട്ടുപൊടി എന്നിവ ശബരി എന്ന പേരിൽ വിപണിയിൽ വിൽപ്പന നടത്തിവരുന്നു.

8. ഉത്സവകാലങ്ങളിൽ വില വർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവകാല ചന്തകൾ നടത്തിവരുന്നു.

9. സപ്ലൈകോയുടെ പ്രവർത്തനം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ വേണ്ടി മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

10. ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി എല്ലാ സാധനങ്ങളും ക്വാളിറ്റി കൺട്രോൾ കമ്മിറ്റിയുടെ ഗുണനിലവാര സർട്ടിഫിക്കറ്റിന് വിധേയമായി മാത്രമാണ് വിൽപ്പനയ്ക്ക് വയ്ക്കുന്നത്.

ഇത്തരത്തിൽ വിപണിയിൽ ഫലപ്രദമായി ഇടപ്പെട്ട് വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നോർമൽ വിഹിതത്തിൽ കുറവ് വന്നിട്ടില്ല. എന്നാൽ 'അഡ്ഹോക്ക്" വിഹിതത്തിൽ കുറവ് വന്നിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(സി) കേന്ദ്ര സർക്കാരുമായി നിരവധി ചർച്ചകൾ നടത്തിയതിന്റെ ഫലമായി അഡ്ഹോക്ക് വിഹിതം കേന്ദ്ര സർക്കാർ പുന:സ്ഥാപിച്ച് നൽകാറുണ്ട്.

ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിൽ അംഗങ്ങളുടെ നിയമനം

238 (1272) <u>ശ്രീ. കെ. കെ. നാരായണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിൽ എത്ര അംഗങ്ങളെ നിയമിച്ചിട്ടുണ്ട് ;

(ബി) അംഗങ്ങളെ നിയമിക്കുന്നതിന് എന്ത് മാനദണ്ഡമാണ് പരിഗണിച്ചത് എന്ന് വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly